ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റും ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്തുക്കളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

199 (584) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്നു; അവ ഏതെല്ലാം;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മേൽ സ്ഥാപനങ്ങളിൽ ഏതെല്ലാം ലാഭത്തിൽ പ്രവൃത്തിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനു മുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) ലാഭത്തിൽ പ്രവൃത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

പട്ടുനൂൽ വ്യവസായം

200 (585) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സെറിഫെഡ് മുഖേന പട്ടുനൂൽ വ്യവസായം വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) പട്ടുനൂൽ കൃഷി പ്രോൽസാഹനത്തിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക ഈ ആവശ്യത്തിലേയ്ക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമൂലം ഈ രംഗത്ത് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സെറിഫെഡിന് കീഴിൽ പോസ്റ്റ് കൊക്കൂൺ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ 5-8-2015-ലെ സർക്കാർ GO(MS) No.109/2015/D പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഖാദി ബോർഡിന് കീഴിലുള്ള പട്ടണക്കാട്, ഉദുമ എന്നിവിടങ്ങളിലെ സെറികൾച്ചർ കോംപ്ലക്സുകൾ സെറിഫെഡിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇത് കൂടാതെ കൊല്ലം ജില്ലയിലെ ഇളമാടുള്ള സെറികൾച്ചർ കോംപ്ലക്സ് നിലവിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കൈവശമാണ്. ആയത് സെറിഫെഡിന് തിരികെ നൽകുവാനുള്ള ചർച്ചകൾ കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly